പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 644 11.06.2014-ൽ മറുപടിക്ക്

## ആരോഗ്യസുരക്ഷയ്ക്കായിയുള്ള കർമ്മപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ :<br>,, ലൂഡി ലൂയിസ് :<br>,, അൻവർ സാദത്ത് :<br>,, ഷാഫി പറമ്പിൽ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഗ്രാമീണ കേരളത്തിന്റെ ആരോഗ്യ സുരക്ഷയ്ക്കായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; | (എ) ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br>1 ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക<br>2 ആശുപത്രികളുടെ നവീകരണവും കെട്ടിട നിർമ്മാണവും<br>3 ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ<br>4 മാതൃ ആരോഗ്യ പദ്ധതി<br>5 ജനനി സുരക്ഷാ യോജന<br>6 മാതൃമരണ ആഡിറ്റ് നടപ്പാക്കുക<br>7 ജനനി ശിശു സുരക്ഷാ കാര്യക്രമം<br>8 നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം<br>9 ശിശു ആരോഗ്യ പദ്ധതി<br>10 വിദ്യാലയ ആരോഗ്യ പദ്ധതി<br>11 രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം<br>12 ഇമ്മ്യൂണൈസേഷൻ<br>13 കുടുംബക്ഷേമ പദ്ധതി<br>14 കൗമാര ആരോഗ്യ പദ്ധതി<br>15 നഗരമേഖലയിലെ പ്രജനന ശൈശവ ആരോഗ്യ പദ്ധതി<br>16 ആദിവാസി മേഖലയിലെ ആരോഗ്യ പദ്ധതി<br>17 പി.എൻ.ഡി.ടി ആക്ട് നടപ്പാക്കുക<br>18 ആരോഗ്യ പരിശീലനം<br>19 ആരോഗ്യ മേഖലയിലെ മാനവശേഷി വികസനം<br>20 അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക (ആശ) പദ്ധതി |

(.....2)

21 ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ്

22 ആയുഷ് പദ്ധതി

23 ആരോഗ്യ ബോധശീലവത്ക്കരണ പ്രവർത്തനങ്ങൾ

24 പദ്ധതികളുടെ മേൽനോട്ടവും അവലോകനവും

25 ആരോഗ്യ വിവര ശേഖരണ പദ്ധതി (എച്ച്.എം.ഐ.എസ്)

26 റേഡിയോ ഹെൽത്ത്

27 ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി

28 അയഡിൻ കുറവ് മൂലമുണ്ടാകുന്ന രോഗ നിയന്ത്രണ പദ്ധതി

29 സംയോജിത രോഗ അവലോകന പദ്ധതി

30 ദേശീയ ജന്തുജന്യ രോഗ നിയന്ത്രണ പദ്ധതി

31 ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി

32 ദേശീയ കുഷ്ഠ രോഗ നിർമ്മാർജ്ജന പദ്ധതി

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതികൾ വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) പ്രസ്തുത പദ്ധതി നടപ്പാക്കുക വഴി രോഗികൾക്ക് ഉയർന്ന നിലവാരത്തിലുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നു. ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി. പൊതു ജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തി. മാതൃ മരണ നിരക്കും, നവജാത ശിശുമരണ നിരക്കും കുറച്ചു. |
| (സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങ ളിലും ഉപകേന്ദ്രങ്ങളിലും സജ്ജമാക്കു ന്നതിന് ഉദ്ദേശിക്കുന്നത് ; വിശദമാ ക്കാമോ ; | (സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ആവശ്യാനുസരണം ഉപകരണങ്ങൾ നൽകുന്നതാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും അറ്റകുറ്റപണികൾ നടത്തുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതാണ്. |
| (ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കാമോ ? | (ഡി) 2014-15 വർഷത്തെ എൻ.എച്ച്.എം. പദ്ധതി രേഖ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറക്ക് നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ